ലാണ്. ഈ ബാങ്കുകൾ നല്കുന്ന ആകെ വായ്പയുടെ ഏകദേശം 80% പ്രയോറിറ്റി സെക്ടറിനാണ്.

5 (297) വാണിജ്യസ്ഥാപനങ്ങൾ വഴിയുള്ള വരുമാനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന്ശേഷം കേരളത്തിൽ വാണിജ്യസ്ഥാപനങ്ങൾ വഴിയുള്ള വരുമാനം കുറയുകയോ കൂടുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്താണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരുമാനം കൂടിയിട്ടുണ്ട്.

വർഷം	നികുതിപിരിവ് (കോടിയിൽ)
1995-96	2274.46
1996-97	2753.68
1997-98	3106.79
1998-99	3387.93

(ബി) വ്യാപാരവർദ്ധനവാണ് കാരണം.

6 (298) കാർഷികാദായ നികുതി

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാർഷികാദായനികുതിയിനത്തിൽ എന്തു തുക വീതം പിരിച്ചെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) അതിൽ ഓരോ വർഷവും എന്തു തുക വീതം പിരിച്ചെടുത്തു;

(സി) കാർഷികാദായനികുതി പിരിവിൽ കുറവുവരാനുള്ള കാരണങ്ങൾ എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1996-97 28.35 കോടി

1997-98 30.60 കോടി

1998-99 26.00 കോടി രൂപയുമാണ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) 1996-97 17 കോടി

1997-98 22.54 കോടി

1998-99 25.57 കോടി രൂപയും പിരിച്ചെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) റബ്ബറിന്റെ വിലയിടിവ്മൂലം ലക്ഷ്യമിട്ടിരുന്ന തുക പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിഞ്ഞില്ല.

7 (299) കാർഷികാദായ നികുതി, വില്പന നികുതി ഇനങ്ങളിൽ പിരിഞ്ഞു കിട്ടാനുള്ള തുക

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ച് 31-ാം തീയതിയിലെ കണക്കനുസരിച്ച് വില്പനനികുതി, കാർഷികാദായനികുതി എന്നീയിനങ്ങളിൽ എന്തു തുക വീതം പിരിഞ്ഞു കിട്ടുവാനുണ്ട്;

(ബി) ഈ തുക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. ;

(സി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് വിവിധ അധികാരസ്ഥന്മാരുടെയും കോടതികളുടെയും മുമ്പിൽ വില്പനനികുതി, കാർഷികാദായനികുതിയിനത്തിൽ എന്തു തുകയെ സംബന്ധിക്കുന്ന കേസ്സുകൾ തീർപ്പാക്കാതെയുണ്ട്;

(ഡി) ഈ കേസുകളിന്മേൽ കാലവിളംബം കൂടാതെ തീരുമാനം എടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വില്പനനികുതിയിനത്തിൽ 1106.83 കോടി രൂപയും കാർഷികാദായനികുതിയിനത്തിൽ 71.20 കോടി രൂപയും പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാർ, സെയിൽ ടാക്സ് അസസിംഗ് ഓഫീസേഴ്സ് എന്നിവരുടെ കോൺഫറൻസ് വിളിച്ചു കൂട്ടി. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തുവരുന്നു.

2) അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർമാരുടെയും ഡെപ്യൂട്ടി കമ്മീഷണർമാരുടെയും (അപ്പീൽസ്) യോഗം വിളിച്ചു കൂട്ടി അപ്പീൽ കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്.

3) സർക്കാർ തലത്തിൽ റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും ഡെപ്യൂട്ടി കമ്മീഷണർമാരുടെയും യോഗം വിളിച്ചു കൂട്ടി റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി വിലയിരുത്തുകയും അത് ത്വരിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

4) 31.3.97 വരെയുള്ള കുടിശ്ശിക മുതലും പലിശയുടെ 40%വും ചേർത്ത് അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനി ഒഴികെയുള്ള നികുതിദായകരെ അനുവദിക്കുന്നുണ്ട്. പരമാവധി പലിശ അടച്ചു തീർക്കാനുള്ള മുതലിനു

LIBRARY ARCHIVES Kerala Legislative Assembly